(ഈ ക്രുസ്തുമസ്സ് കാലം നിങ്ങൾ സത്യമായ ഭക്തിയോടെയാണോ ദൈവത്തിനോട് പ്രാർത്ഥിച്ചത്? നിന്നെപോലെ നിൻെറ അയൽക്കാരനേയും സ്നേഹിക്കുക എന്ന വചനം നിങ്ങൾക്ക് ഉൾകൊള്ളാൻ കഴിഞ്ഞുവോ?)



# കപടഭക്തി

**ജോസ് ചെരിപുറം**
**josecheripuram@gmail.com/516-285-8066**

കപട സദാചാരത്തിൻെറ അഴുക്ക് ചാലിൽ
അടിതെറ്റി വീഴവേ അടി വസ്ത്രങ്ങൾ മലിനമായി
മലിനമായ വസ്ത്രങ്ങൾ ഊരിയെറിഞ്ഞു ഞാൻ
മതങ്ങൾ തീർത്ത മതിൽക്കെട്ടുകൾക്കപ്പുറത്തേക്ക്
അത് ചെന്ന് വീണത് സാമൂഹ്യദ്രോഹിയായ
ഒരു രാത്രിഞ്ചരൻെറ മേലായിരുന്നു
വീണത് വിദ്യയാക്കിയ ആ വിദ്വാൻ പിറ്റേന്നു തന്നെ
ഒരാൾ ദൈവമായി മാറി !
സാക്ഷരകേരളത്തിലെ അഭ്യസ്തവിദ്യരും അന്ധവിശ്വാസികളും
രാഷ്ട്രീയ നേതാക്കന്മാരും, മതമേലാദ്ധ്യക്ഷന്മാരും
ഒരു ദർശനത്തിനായി
പൊരി വെയിലിൽ മണിക്കൂറോളം കാത്ത് നിന്നു
മതം അടിവസ്ത്രം പോലെ ഉണ്ടെങ്കിൽ നല്ലത്
ഇല്ലെങ്കിലും കുഴപ്പമില്ല
ഉണ്ടെന്ന് കരുതി പൊക്കി കാണിക്കണമെന്നില്ല

********